(ബി) സംസ്ഥാനാത്തെ സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകൾ മൂലം 2003-2004 കാലയളവിൽ സംസ്ഥാനത്ത് നടന്ന വാഹനാപകടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇത്തരം സ്വകാര്യ ബസ്സുകളുടെ വേഗത നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ ഉൾപ്പെടുന്ന വാഹനാപകടങ്ങളുടെ കണക്ക് പ്രത്യേകമായി സൂക്ഷിക്കാറില്ല.

(സി) പൊതുജനങ്ങളെ കയറ്റിക്കൊണ്ടുപോകുന്ന സ്റ്റേജ് ക്യാരേജ് വാഹനങ്ങളിൽ സ്പീഡ് ഗവേണർ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ അമിത വേഗത, മത്സരഓട്ടം, മദ്യപിച്ച് വാഹനമോടിക്കൽ എന്നിവ തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് 'സ്പീഡ് ട്രേസർ' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സ്വകാര്യ വാഹനങ്ങൾ ടാക്സിയായി സർവ്വീസ് നടത്തുന്നത് തടയാൻ നടപടി

128 [2255] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങൾ ടാക്സിയായി സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തലശ്ശേരിക്കടുത്ത് പാനൂരിൽ സ്വകാര്യ വാഹനങ്ങൾ ടാക്സിയായി ഓടുന്നതായി പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇത്തരം വാഹനങ്ങൾക്കെതിരെ കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(ഇ) അടുത്ത കാലത്തായി എത്ര വാഹനങ്ങൾക്കെതിരെ നടപടിയെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാഹന പരിശോധന കർശനമാക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശിക്ഷാ നടപടിയായി ഫൈൻ ഈടാക്കുകയും. ടാക്സി പെർമിറ്റ് എടുപ്പിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly